# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 30.08.2026** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1.) കേരളത്തിൽ വെള്ളപ്പൊക്കം തടയാൻ നദികളുടെ ആഴം കൂട്ടേണ്ടത് അത്യാവശ്യമെന്ന് ഉപരാഷ്ട്രപതി സി. പി.രാധാകൃഷ്ണൻ. രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തിയ ഉപരാഷ്ട്രപതി അൽപസമയത്തിനകം ആറന്മുള ഉതൃട്ടാതി ജലമേള ഉദ്ഘാടനം ചെയ്യും.

**Vice President C. P. Radhakrishnan says deepening rivers is essential to prevent flooding in Kerala. The Vice President, who is on a two-day visit to the State, will inaugurate the Aranmula Uthrattathi Water Festival shortly.**

2) ലഹരിയുടെ ദൂഷ്യഫലങ്ങൾ ,കുടുംബവും സമൂഹവും ഒന്നടങ്കം അനുഭവിക്കേണ്ടിവരുന്നതായി മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. ലഹരിമുക്ത ഭാരതത്തിനായി അണിനിരക്കാൻ ജനങ്ങളോട് ആഹ്വാനം.

**Prime Minister Narendra Modi says the harmful effects of drug abuse are borne by entire families and society. In his Mann Ki Baat address, he called upon people to unite for a drug-free India.**

3) പെൺമക്കളുടെ സ്വപ്നങ്ങൾ, ബഹിരാകാശത്തേക്ക് എത്തിക്കാൻ ശക്തിസാറ്റ് ദൗത്യത്തിലൂടെ സാധിക്കുമെന്ന് പ്രധാനമന്ത്രി. 'PM സ്വനിധി പദ്ധതി' ലക്ഷക്കണക്കിന് അമ്മമാർക്കും സഹോദരിമാർക്കും ശക്തി പകരുന്നതായും മൻ കി ബാത്തിൽ പരാമർശം.

**Prime Minister Narendra Modi says the ShaktiSat mission can help take the dreams of young girls to space. He also said the PM SVANidhi scheme is empowering lakhs of mothers and sisters, in his Mann Ki Baat address.**

4) പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റുമായുള്ള ഉഭയകക്ഷി ചർച്ചകൾ താഷ്കന്റിൽ പുരോഗമിക്കുന്നു.

**Bilateral talks between Prime Minister Narendra Modi and the President of Uzbekistan are underway in Tashkent.**

5) നേപ്പാൾ പ്രളയത്തിൽ മരണം 734 ആയി. മേഖലയിൽ രക്ഷാ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജിതം.

**The death toll in the Nepal floods has risen to 734. Rescue and relief operations have been intensified in the region.**

6)വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് തായ്ലന്റിനെ നേരിടും.

**India will take on Thailand today in the Women's T20 Asia Cup cricket.**

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**Vice President (INTRO)**

*കേരളത്തിൽ വെള്ളപ്പൊക്കം തടയാൻ നദികളുടെ ആഴം കൂട്ടേണ്ടത് അത്യാവശ്യമെന്ന് ഉപരാഷ്ട്രപതി സി. പി.രാധാകൃഷ്ണൻ. മണ്ണും മണലും നീക്കം ചെയ്താലേ ഒഴുകിയെത്തുന്ന വെള്ളം ഉൾകൊള്ളാൻ നദികൾക്ക് കഴിയുവെന്നും, പരിസ്ഥിതി സംരക്ഷണവും വികസനവും ഒരുമിച്ചു കൊണ്ടുപോകണമെന്നും അദ്ദേഹം പറഞ്ഞു. ആലപ്പുഴയിൽ കേരള കൗമുദി ദിനപത്രത്തിന്റെ 115-ആമത് വാർഷികം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി.*

*(വോയിസ് - ഉപരാഷ്ട്രപതി)*

*ജനങ്ങൾ നൽകുന്ന വിശ്വാസമാണ് മാധ്യമങ്ങളുടെ ഏറ്റവും വലിയ സമ്പാദ്യമെന്ന് പറഞ്ഞ ഉപരാഷ്ട്രപതി, വാർത്തകൾ റിപ്പോർട്ട് ചെയ്യുന്നതിനൊപ്പം ജനങ്ങൾക്ക് നീതി ലഭ്യമാക്കുന്നതും മാധ്യമങ്ങളുടെ കടമയാണെന്ന് ചടങ്ങിൽ പറഞ്ഞു. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മന്ത്രി റോജി എം ജോൺ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് രാവിലെ കൊച്ചിയിലെത്തിയ ഉപരാഷ്ട്രപതിയെ ഗവർണ്ണർ ഉൾപ്പെടെയുള്ള പ്രമുഖർ ചേർന്നാണ് സ്വീകരിച്ചത്.*

$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1A

**VICE PRESIDENT – ARANMULA**

ആറന്മുള ഉതൃട്ടാതി ജലമേള ഉദ്ഘാടനം ചെയ്യുന്നതിനായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ അൽപസമയം മുൻപ് ആറന്മുളയിലെത്തി. മൂന്നുമണിക്ക് ആരംഭിക്കുന്ന ജലോത്സവത്തിൽ 51 പള്ളിയോടങ്ങളാണ് അണിനിരക്കുന്നത്. ഓണം വാരാഘോഷത്തിൻറെ സമാപന ഘോഷയാത്രയുടെ ഫ്ലാഗ് ഓഫ് ഉപരാഷ്ട്രപതി ഇന്ന് വൈകുന്നേരം തിരുവനന്തപുരത്ത് നിർവഹിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി.ഡി. സതീശൻ, ചലച്ചിത്ര നടൻ

ആസിഫ് അലി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും. ഓണം വാരാഘോഷ സമാപനവും ഉപരാഷ്ട്രപതിയുടെ സന്ദർശനവും കണക്കിലെടുത്ത് തിരുവനന്തപുരം നഗരത്തിൽ ഇന്നും നാളെയും ഗതാഗത നിയന്ത്രണങ്ങളും പാർക്കിംഗ് ക്രമീകരണങ്ങളും ഏർപ്പെടുത്തി. നാളെ ലക്ഷദ്വീപിൽ എത്തുന്ന ഉപരാഷ്ട്രപതി, അഗത്തി ദ്വീപിൽ ഫിഷറീസ് മന്ത്രാലയം സംഘടിപ്പിക്കുന്ന പരിപാടിയിൽ മുഖ്യാതിഥിയാകും. തുടർന്ന് കൊച്ചിയിൽ എത്തുന്ന അദ്ദേഹം കാക്കനാട് രാജഗിരി സ്കൂൾ ഓഫ് Engineering & Technology യുടെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**MKB – NASAMUKT**

*ലഹരിയുടെ ദൂഷ്യഫലങ്ങൾ ഒരാളെ മാത്രം ബാധിക്കുന്നതല്ലെന്നും, കുടുംബവും സമൂഹവും ഒന്നടങ്കം അനുഭവിക്കേണ്ടിവരുന്നതായും പ്രധാനമന്ത്രി നരേന്ദ്രമോദി. മൻ കി ബാത്തിന്റെ 137-ാം പതിപ്പിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുകയായിരുന്നു അദ്ദേഹം. ലഹരിക്കെതിരെ, 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത്" കാമ്പെയിൻ രാജ്യത്തുടനീളം കുതിച്ചുയരുന്നതായും പ്രധാനമന്ത്രി പറഞ്ഞു. ലഹരിമുക്ത യുവത്വം, ലഹരിമുക്ത ഇന്ത്യ എന്നതാണ് കാമ്പെയിന്റെ ലക്ഷ്യം. യുവജനങ്ങൾ വലിയതോതിൽ ഇതിന്റെ ഭാഗമാകുന്നതായും ശ്രീ മോദി വ്യക്തമാക്കി. ലഹരിമുക്ത ഭാരതത്തിനായി പ്രചാരണ വാക്യങ്ങളും, ഗാനങ്ങളും, ചെറു നാടകങ്ങളും, മറ്റ് കണ്ടന്റുകളും തയ്യാറാക്കാൻ അദ്ദേഹം ജനങ്ങളെ ക്ഷണിച്ചു. ഇത്തരം ശ്രമങ്ങൾ #നശാ മുക്ത് യുവ എന്ന ഹാഷ് ടാഗിനൊപ്പം സമൂഹമാധ്യമത്തിൽ പങ്കുവയ്ക്കാനും അദ്ദേഹം അഭ്യർത്ഥിച്ചു.*

*(ഹോൾഡ് - പി എം)*

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**MKB - SHAKTISAT**

നമ്മുടെ പെൺമക്കളുടെ സ്വപ്നങ്ങൾ, ഭൂമിയിൽ നിന്ന് ബഹിരാകാശത്തേക്ക് പറന്നെത്തിയതായി പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു. ഇത്തരത്തിൽ സ്വപ്നങ്ങൾ കാണുന്ന ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് പെൺകുട്ടികളെ ഭാരതം ഒരുമിച്ച് കൂട്ടുകയാണെന്നും ശക്തിസാറ്റ് ദൗത്യത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അദ്ദേഹം വ്യക്തമാക്കി. 108 രാജ്യങ്ങളിലെ 12,000 വിദ്യാർത്ഥിനികൾക്ക് ഇതിലൂടെ സാറ്റലൈറ്റ് സാങ്കേതികവിദ്യ പഠിക്കാനും ഇനവേഷൻ രംഗത്ത് മുന്നേറാനും അവസരം ലഭിക്കുന്നു. പൂർണ്ണമായും വിദ്യാർത്ഥിനികളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്ന ഒരു കൃത്രിമോപഗ്രഹത്തെ ചന്ദ്രൻറെ ഭ്രമണപഥത്തിലേക്ക് അയക്കാനുള്ള തയ്യാറെടുപ്പാണ് ഇതിലൂടെ നടക്കുന്നതെന്നും ശ്രീ മോദി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

**MKB-THIRANGA (INTRO)**

***സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് ഈ വർഷം 'സൂര്യപഥ് തിരംഗ'യിലൂടെ ആഗോളതലത്തിൽ ഫിജിയിലെ സുവയിൽ തുടങ്ങി അമേരിക്കയിലെ സാൻ ഫ്രാൻസിസ്കോ വരെ ത്രിവർണ്ണ പതാക ഉയർത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സമൂഹത്തെ ഒറ്റക്കെട്ടായി നിർത്തുന്നതിനും രാജ്യത്തോടുള്ള നമ്മുടെ ബന്ധം കൂടുതൽ ദൃഢപ്പെടുത്തുന്നതിനും ഇതിലൂടെ സാധിക്കുന്നതായി അദ്ദേഹം വ്യക്തമാക്കി . എട്ടു കോടിയിലധികം തിരംഗ സെൽഫികൾ ഇത്തവണ സമൂഹമാധ്യമത്തിൽ അപ്‌ലോഡ് ചെയ്യപ്പെട്ടതായും പ്രധാനമന്ത്രി പറഞ്ഞു .***

***(VOICE -പ്രധാനമന്ത്രി)***

$$$$$$$$$$$$$$$$$$$$$$$$$

**MKB - PM SWANIDHI**

ലക്ഷക്കണക്കിന് അമ്മമാർക്കും സഹോദരിമാർക്കും 'PM സ്വനിധി പദ്ധതി' പുതിയ ശക്തി പകരുന്നതായും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു.

പദ്ധതിയുടെ ഗുണഭോക്താക്കളിൽ 46 ശതമാനവും സ്ത്രീകളാണ്. രാജ്യത്തുടനീളം 35 ലക്ഷത്തോളം സ്ത്രീകൾ ഈ പദ്ധതിയുമായി ചേർന്ന് അവരുടെ ബിസിനസുകൾ മുന്നോട്ട് കൊണ്ടുപോകുന്നതായും ശ്രീ മോദി വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$

## MKB- SWACHHTHA (INTRO)

***ശുചിത്വം നമ്മുടെ പെരുമാറ്റത്തിന്റെ ഭാഗമാകുമ്പോൾ നാടിന്റെ ഭംഗി വർധിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ പറഞ്ഞു. ശുചിത്വത്തിന് അതിൻറേതായ***

***സവിശേഷതയുണ്ടെന്നും, ഒരു സ്ഥലം വൃത്തിയായി സൂക്ഷിക്കുമെന്ന പ്രതിജ്ഞ ആ സ്ഥലത്തിന്റെ മുഖഛായ തന്നെ മാറ്റുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.***

***(ഹോൾഡ്-പിഎം)***

$$$$$$$$$$$$$$$$$$$$$$$$

## MKB- KRISHNA SESHADRI

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏത് വർഷം ആരുടെ ഭരണമായിരുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കുന്ന www.bharatrajya.com എന്ന വെബ്സൈറ്റിനെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. വെബ്സൈറ്റിന് പിന്നിൽ പ്രവർത്തിച്ച മുംബൈയിലെ കൃഷ്ണ ശേഷാദ്രിയുമായി സംവദിച്ച പ്രധാനമന്ത്രി സംരംഭത്തിന് എല്ലാ ആശംസകളും നേർന്നു.

$$$$$$$$$$$$$$$$$$$$$$$$

## MKB - AVOCADO

അവൊക്കാഡോ പഴത്തിന്റെ സവിശേഷതകളെക്കുറിച്ചും, ഇതിന്റെ കാർഷിക സാധ്യതകളെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. മുൻപ് വളരെ കുറച്ച് ആളുകൾക്ക് മാത്രം അറിയാമായിരുന്ന

ഈ പഴം ഇന്ന് തീൻമേശയിൽ ഇത് ധാരാളമായി കാണപ്പെടുന്നുണ്ടെന്നും, ആരോഗ്യത്തിനും, വിപണിയ്ക്ക് അവൊക്കാഡോ ഇന്ന് പ്രിയങ്കരമായി മാറിയിരിക്കുന്നതായും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**REV. PM – UZBEKISTAN**

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷവ്കത് മിർസിയോയേവും തമ്മിലുള്ള ഉഭയകക്ഷി ചർച്ചകൾ പുരോഗമിക്കുന്നു. താഷ്കെന്റിൽ നടക്കുന്ന ചർച്ചയിൽ വ്യാപാരം, നിക്ഷേപം, പ്രതിരോധം, ഡിജിറ്റൽ കണക്റ്റിവിറ്റി, ഊർജ്ജം, വിദ്യാഭ്യാസം, എന്നീ മേഖലകളിലെ സഹകരണം ഇരുനേതാക്കളും അവലോകനം ചെയ്യും. ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പു വയ്ക്കും. ഉസ്ബെക്കിസ്ഥാൻ യോഗ ഫെഡറേഷൻ സംഘടിപ്പിക്കുന്ന യോഗ പരിപാടിയിൽ ശ്രീ മോദി ഇന്ന് പങ്കെടുത്തു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി ഇന്നലെയാണ് ഉസ്ബക്കിസ്ഥാനിലെത്തിയത്.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**Nepal flash flood**

നേപ്പാൾ പ്രളയത്തിൽ മരണം 734 ആയി. 2,500-ഓളം പേരെ കാണാതായിട്ടുണ്ട്. പ്രളയക്കെടുതിയുടെ അഞ്ചാം ദിനമായ ഇന്നും കാണാതായവർക്കായി തിരച്ചിൽ തുടരുകയാണ്. കുടുങ്ങിക്കിടക്കുന്നവർക്കായി രക്ഷാപ്രവർത്തനവും പുരോഗമിക്കുന്നു. ദുരന്തബാധിത മേഖലയിൽ നിന്ന് 8,200-ഓളം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ഭോട്ടെ കോഷി നദിയിലെ വെള്ളപ്പൊക്ക സാധ്യത കണക്കിലെടുത്ത് നേപ്പാൾ സർക്കാർ പുതിയ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. നേപ്പാൾ പ്രളയ ദുരന്തത്തെ തുടർന്ന് വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലും ജാഗ്രത തുടരുകയാണ്.

$$$$$$$$$$$$$$$$$$$$$$$$

**DAY ODISHA FLOOD**

ഒഡീഷയിൽ പ്രളയ ഭീഷണി. തുടർച്ചയായ മഴയെത്തുടർന്ന് സുബർണരേഖാ നദിയിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ അധികൃതർ ജാഗ്രതാ നിർദേശം നൽകി.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**WOMEN TWENTY 20 ASIA CUP**

വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് തായ്‌ലന്റിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 മണിക്ക് ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഹർമൻപ്രീത് കൗറാണ് ഇന്ത്യയെ നയിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$

$$$$$